**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1983** **14-10-2024 - ൽ മറുപടിയ്ക്ക്**

**സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ രമേശ് ചെന്നിത്തല | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | പി.എസ്.സി. മുഖേനയുള്ള നിയമനങ്ങളെ ബാധിക്കാത്ത വിധത്തിൽ സംസ്ഥാനത്ത് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം വിവിധ സർക്കാർ വകുപ്പുകളിൽ നിയമനത്തിനായി കാത്തിരിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നതിനുള്ള പ്രത്യേക നടപടി സ്വീകരിക്കുമോ; | (എ) | ഓരോ വകുപ്പിലും ഓരോ വർഷം ഉണ്ടാകുന്ന ആകെ ഒഴിവുകളുടെ 5 % ഒഴിവുകളിൽ മാത്രമേ ആശ്രിതനിയമനം നടത്തുവാൻ പാടുള്ളൂവെന്ന ബഹു.ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിയമനം നടന്നുവരുന്നു. |
| (ബി) | സംസ്ഥാനത്തെ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള നിയമനത്തിനായി സെക്രട്ടേറിയറ്റ് പൊതുഭരണ സി.ഇ. സെല്ലിന്റെ സീനിയോറിറ്റി ലിസ്റ്റിൽ 01.10.2024 വരെ രജിസ്റ്റർ ചെയ്തിട്ടുള്ള/ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികളുടെ മുഴുവൻ വിശദാംശങ്ങളും, പ്രസ്തുത സീനിയോറിറ്റി ലിസ്റ്റിൽ നിന്നും അവസാനമായി നിയമനം ലഭിച്ച ഉദ്യോഗാർത്ഥിയുടെ സീനിയോറിറ്റി നമ്പർ എത്രയാണെന്നും അറിയിക്കാമോ; | (ബി) | പൊതുഭരണ (സർവീസസ്-ഡി) വകുപ്പിൽ സൂക്ഷിച്ചിട്ടുള്ള മുൻഗണന പട്ടികയിൽ 01.10.2024 വരെ ഉൾപ്പെട്ടവരുടെ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.<br><br>വിവിധ വകുപ്പുകളിൽ നിന്നും ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് പ്രസ്തുത തസ്തികയുടെ മുൻഗണന പട്ടികയിൽ ഒന്നാമതുള്ള വ്യക്തിക്ക് അതത് തസ്തികയിൽ നിയമന ശിപാർശ നൽകുകയും, പ്രസ്തുത വ്യക്തിയെ മുൻഗണന പട്ടികയിൽ നിന്ന് ഒഴിവാക്കുകയുമാണ് ചെയ്യുന്നത്. |
| (സി) | കൊട്ടാരക്കര പോലീസ് സ്റ്റേഷനിലെ സിവിൽ പോലീസ് ഓഫീസറായി സേവനത്തിലിരിക്കെ അന്തരിച്ച ശ്രീചന്ദ് വി.ആർ.ന്റെ (സി.പി.ഒ. 6534) ഭാര്യ ശാലിനി പ്രസ്തുത സീനിയോറിറ്റി ലിസ്റ്റിൽ എത്രാമതായാണ് ഉൾപ്പെടുന്നത്; ഏതെല്ലാം വകുപ്പിലേക്കാണ് അവർ ഓപ്ഷൻ നൽകിയിട്ടുള്ളത്; ഇനി എത്ര ഒഴിവുകൾ കൂടി റിപ്പോർട്ട് ചെയ്താൽ അവർക്ക് നിയമനം ലഭിക്കും; വിശദമാക്കാമോ? | (സി) | നിലവിൽ 145-ാമതായി ഉൾപ്പെടുത്തിയിട്ടുണ്ട്. വാലിഡ് അപേക്ഷ നൽകുന്ന തീയതിയുടെ അടിസ്ഥാനത്തിലാണ് സീനിയോറിട്ടി കണക്കാക്കുന്നത്. ബന്ധപ്പെട്ട വകുപ്പിൽ അപേക്ഷ നൽകി ആവശ്യമായ പരിശോധനകൾക്ക് ശേഷമാണ് വിവിധ വകുപ്പുകളിൽ നിന്നും സർക്കാരിൽ അപേക്ഷകൾ ലഭ്യമാകുന്നത്. ആയതിനാൽ സീനിയോറിട്ടിയിൽ ചിലപ്പോൾ മാറ്റം വരാനിടയുണ്ട്. വിവിധ വകുപ്പുകളിലെ എൽ. ഡി. സി തസ്തികയിലേയ്ക്കാണ് ഓപ്ഷൻ നൽകിയിട്ടുള്ളത്. ലഭ്യമാകുന്ന ഒഴിവുകളിൽ സീനിയോറിട്ടി പ്രകാരമാണ് നിയമനം നൽകുന്നത്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ക്രമ നം. | തസ്തിക | 01.10.2024 വരെ ലിസ്റ്റിൽ ഉൾപെടുന്നവരുടെ എണ്ണം | അവസാന നിയമനം നൽകിയത് |
|---|---|---|---|
| 1 | ക്ലാർക്ക് | 638 | 2012-15 കാലയളവിൽ സൂപ്പർന്യൂമററിയായി ക്ലാർക്ക് തസ്തികയിൽ നിയമനം നൽകിയവരുടെ ക്രമീകരണം നടന്നുവരുന്നു. അതിനാൽ പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് നിലവിൽ നിയമന ശിപാർശ നൽകുന്നില്ല. |
| 2 | ഓഫീസ് അറ്റൻഡന്റ് | 50 | ഫാക്ടറീസ് ആൻഡ് ബോയ്‌ലേഴ്സ് ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും 01.08.2024 ലെ കത്ത് മുഖേന റിപ്പോർട്ട് ചെയ്ത ഒരു ഒഴിവിലേക്ക് ശ്രീ. സനു രാജ് എസ് -ന് 31.08.2024-ൽ നിയമന ശിപാർശ നൽകി. |
| 3 | അസിസ്റ്റന്റ് | 63 | 2012-15 കാലയളവിൽ സൂപ്പർന്യൂമററിയായി അസിസ്റ്റന്റ് തസ്തികയിൽ നിയമനം നൽകിയവരുടെ ക്രമീകരണം നടന്നുവരുന്നു. അതിനാൽ പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് നിലവിൽ നിയമന ശിപാർശ നൽകുന്നില്ല. |
| 4 | ഓഡിറ്റർ | 16 | ലിസ്റ്റിൽ ഉൾപ്പെട്ട ശ്രീമതി. റിൻസി ബി. സത്യൻ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഹർജി സമർപ്പിച്ചതിനെ തുടർന്ന് ഈ വകുപ്പിൽ നിന്നും പ്രസ്തുത തസ്തികയിലേയ്ക്ക് അവസാനമായി നിയമന ശിപാർശ നൽകിയ ശ്രീമതി ബേബി ഹിമയുടെ നിയമനം താത്കാലികമായി നിർത്തി വച്ചിരിക്കുകയായിരുന്നു. ഹർജി തള്ളി 30.08.2024 ൽ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ വിധി പുറപ്പെടുവിച്ചെങ്കിലും, ഇതിനെ തുടർന്ന് ശ്രീമതി റിൻസി ബി സത്യൻ ബഹു. കേരള ഹൈ കോടതിയിൽ ഫയൽ ചെയ്ത OP(KAT)357/ 2024 നം. ഹർജിയിന്മേലുള്ള ബഹു. കോടതിയുടെ ഇടക്കാല ഉത്തരവിൽ ശ്രീമതി ബേബി ഹിമയ്ക്ക് നിയമനാനുമതി നൽകികൊണ്ടുള്ള ഉത്തരവ് നടപ്പാക്കുന്നത് താത്കാലികമായി സ്റ്റേ ചെയ്തിട്ടുണ്ട് |
| 5 | വുമൺ അസിസ്റ്റന്റ് പ്രിസൺ ഓഫീസർ | 1 | 07.01.2021 ൽ റിപ്പോർട്ട് ചെയ്ത ഒരു ഒഴിവിലേക്ക് 27.08.2021 ൽ ശ്രീമതി ധന്യ കുമാരൻ ഐ -ക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| 6 | സിവിൽ എക്സൈസ് ഓഫീസർ | 7 | 19.09.2024-ൽ റിപ്പോർട്ട് ചെയ്ത 6 ഒഴിവുകളിലേക്ക് ശ്രീ. ആദിത്യൻ എസ്. എസ്., ശ്രീ. അതുൽരാജ് എ. ആർ., ശ്രീ. ഹരിജിത് ജി. എസ്., ശ്രീ. അതുൽ അനിൽ. ശ്രീ. നിതിൻ സി.എ., ശ്രീ. അഖിൽ വി. എന്നിവർക്കു 28.09.2024-ൽ നിയമന ശിപാർശ നൽകി |
| 7 | വുമൺ സിവിൽ എക്സൈസ് ഓഫീസർ | 3 | കുമാരി ആര്യമോൾ എസ്. ന് 17.06.2022 -ൽ നിയമന ശിപാർശ നൽകി |
| 8 | സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ | 8 | ശ്രീമതി സമീന ബീവിയ്ക്ക് 03.06.2024-ൽ നിയമന ശിപാർശ നൽകി |
| 9 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 27 | ശ്രീമതി സഞ്ജു കെ.എസ്, ശ്രീ. ഹരീഷ് ടി.പി, കുമാരി പാർവതി എൻ.എസ്, ശ്രീ. ബിലാവൽ ഇ. കെ, കുമാരി കൃഷ്ണ സായി പി, ശ്രീ. ഹർപ്രീത് കെ. എന്നിവർക്ക് 05.06.2024 -ൽ നിയമന ശിപാർശ നൽകി |
| 10 | ലീഗൽ അസിസ്റ്റന്റ് | 4 | ശ്രീമതി. രശ്മി വി. നായർ ക്ക് 08.08.2023-ൽ നിയമന ശിപാർശ നൽകി |
| 11 | അസിസ്റ്റന്റ് പ്രിസൺ ഓഫീസർ | - | ശ്രീ. രാഹുൽ രത്നാകർ-ന് 04.10.2024-ൽ നിയമന ശിപാർശ നൽകി. |
| 12 | സിവിൽ പോലീസ് ഓഫീസർ | - | ശ്രീ. കൃഷ്ണ സുനിൽ-ന് 21.08.2024-ൽ നിയമന ശിപാർശ നൽകി |
| 13 | വുമൺ സിവിൽ പോലീസ് ഓഫീസർ | - | കുമാരി നന്ദന എസ് പണിക്കർക്ക് 05.10.2024-ൽ നിയമന ശിപാർശ നൽകി. |
| 14 | ബീറ്റ് ഫോറസ്റ്റ് ഓഫീസർ | - | ശ്രീ. വിഷ്ണു വിജയന് 13.09.2024-ൽ നിയമന ശിപാർശ നൽകി. |